**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മ സേനയുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 36510 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | നിലവിൽ ഹരിതകർമ്മ സേനയുടെ വരുമാന മാർഗം യൂസർഫീ ആണെന്നതിനാൽ ഇവയെ സ്ഥിരമായ വരുമാനമാർഗമുള്ള ഒരു ഗ്രൂപ്പായി മാറ്റുന്നതിന് ഇവർക്ക് ഓണറേറിയമോ മറ്റ് ആനുകൂല്യങ്ങളോ നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഹരിതകർമ്മസേന ഒരു സ്വയം സംരംഭമായാണ് പ്രവർത്തിക്കുന്നത്. ഹരിത കർമ്മ സേനയുടെ വരുമാനം ഉയർത്തുന്നതിനും ആരോഗ്യ സാമുഹികസുരക്ഷ ഉറപ്പാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.<br><br>എല്ലാ ഹരിത കർമ്മ സേന അംഗങ്ങൾക്കും കുറഞ്ഞത് 10,000/-രൂപ പ്രതിമാസ വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സ്വീകരിച്ചിട്ടുണ്ട്. യൂസർ ഫീസ് കൃത്യമായി ലഭ്യമാക്കുന്നതിന് വേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ<br><br>വരുമാനം ഉയർത്തുന്നതിനായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അധിക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കിയിട്ടുമുണ്ട്. ഇത്തരം നടപടികൾക്ക് ശേഷവും പ്രതിമാസവരുമാനം 10000/- രൂപയിൽ എത്തിയില്ലെങ്കിൽ തദ്ദേശസ്ഥാപനം വികസന / തനത് ഫണ്ടിൽ നിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിതകർമ്മസേന കൺസോർഷ്യത്തിന് നൽകുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു. |
| (സി) | ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഹരിതകർമ്മ സേന അംഗങ്ങൾക്ക് നിലവിൽ സൗജന്യ മെഡിക്കൽ പരിശോധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നു. കുടുംബശ്രീയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസും ചേർന്ന് ഹരിതകർമ്മസേനയ്ക്ക് നിലവിൽ ഒരു ലക്ഷം രൂപയുടെ ആരോഗ്യ, ഇൻഷ്വറൻസ് 'ഇൻസ്പയർ' എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വാർഷിക പ്രീമിയം 1384/- രൂപയാണ്. വാർഷിക പ്രീമിയത്തിന്റെ 50% കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നു. ശേഷിക്കുന്ന 50% ഗുണഭോക്താവ് വഹിക്കേണ്ടതാണ്. ടി തുക ഹരിതകർമ്മ സേന കൺസോർഷ്യം ഫണ്ടിൽ നിന്നും ഒടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ 23569 അംഗങ്ങൾ പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ